നിറുത്തൽ ചെയ്ത മജിസ്ട്രേട്ട് കോടതികൾ.

168. [44] ശ്രീ. എൻ. പരമേശ്വരൻപിള്ള : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

എക്സിക്യൂട്ടീവ് ജുഡീഷ്യറി വിഭജനത്തിനുശേഷം ഏതെല്ലാം സ്ഥലത്തെ മജിസ്ട്രേട്ട് കോടതികൾ നിറുത്തൽ ചെയ്തിട്ടുണ്ട് ?

ഉത്തരം.

എറണാകുളത്തെ സ്പെഷ്യൽ ഒന്നാംക്ലാസ് മജിസ്ട്രേട്ട് കോടതി നിറുത്തൽ ചെയ്തിട്ടുണ്ട്.

വിഭജനക്കാലത്ത് നിയമനം നടത്താത്ത കോടതികൾ.

169. [45] ശ്രീ. എൻ. പരമേശ്വരൻപിള്ള : താഴ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഭജനക്കാലത്ത് നിലവിലിരുന്ന ഏതെല്ലാം കോടതികളിൽ നിയമനം നടത്താതെയുണ്ട് ? അതിനുള്ള കാരണമെന്ത് ;

(ബി) ചങ്ങനാശ്ശേരി 2-ാം ക്ലാസ് മജിസ്ട്രേട്ടിന്റെ നിയമനത്തിനുണ്ടാകുന്ന കാലതാമസംമൂലം പൊതുജനങ്ങൾക്ക് വളരെ കഷ്ടനഷ്ടങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം.

(എ) രണ്ട് കോടതികളിൽ നിയമനം നടത്തിയിട്ടില്ല. അതായത് ചങ്ങനാശ്ശേരിയിലേയും, പത്തനംതിട്ടയിലേയും രണ്ടാം ക്ലാസ് മജിസ്ട്രേട്ട് കോടതികളിൽ പട്ടികജാതിസ്ഥാനാർത്ഥികൾക്കായി നീക്കിവച്ചിട്ടുള്ള രണ്ട് സ്ഥാനങ്ങളിലേയ്ക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ ആളെ തിരഞ്ഞെടുത്ത് അയച്ചിട്ടില്ല. അതിനുള്ള നടപടി നടന്നുകൊണ്ടിരിക്കുന്നു.

(ബി) ഇല്ല.

സ്കോളർഷിപ്പ് പരീക്ഷ.

170. [46] ശ്രീ. യു. നീലകണ്ഠൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുങ്ങണ്ട എസ്. എൻ. വി. ഹൈസ്കൂളിൽ സെഡ്യൂ ഫോമിൽ നടത്തേണ്ട സ്കോളർഷിപ്പ് പരീക്ഷ കഴിഞ്ഞ ഫോർത്തുഫോമിൽ നടത്തിയതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) അങ്ങനെ നടത്തിയിട്ടുണ്ടെങ്കിൽ അതിനുള്ള കാരണമെന്തായിരുന്നു.

ഉത്തരം.

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly